# ഈ അവധിക്കാലം എൽ ബി എസ്സിനൊപ്പം

**ആ**ധുനിക കാലഘട്ടത്തിൽ പ്രയോജനപ്രദമായ കംപ്യൂട്ടർ കോഴ്സുകളുമായി നിലകൊള്ളുന്ന സ്ഥാപനമാണ് കേരളത്തിലെ സർക്കാർ നിയന്ത്രണത്തിലുള്ള ലാൽ ബഹാദൂർ ശാസ്ത്രി ശാസ്ത്ര സാങ്കേതിക കാര്യാലയം എന്ന എൽ ബി എസ് സെൻറർ 1976 ൽ അന്നത്തെ പ്രധാന മന്ത്രിയായിരുന്ന ശ്രീ ലാൽ ബഹാദൂർ ശാസ്ത്രി തിരുവനന്തപുരത്ത് തുടക്കം കുറിച്ച ഈ സ്ഥാപനം ഇന്ന് കേരളത്തിൽ അങ്ങോളമിങ്ങോളം മേഖലാ കേന്ദ്രങ്ങളായും ഉപ കേന്ദ്രങ്ങളായും വിവിധ തലങ്ങളിൽപെട്ടവർക്ക് കംപ്യൂട്ടർ പരിശീലനം നല്കി വരുന്നു.

മദ്ധ്യവേനലവധിക്കാലം ഏഴാം ക്ലാസ് മുതൽ ഉള്ള വിദ്യാർത്ഥികൾക്ക് വിജ്ഞാന പ്രദവും ആനന്ദകരവും ആക്കി തീർക്കുവാനായി നിരവധി കോഴ്സുകളാണ് ഈ കേന്ദ്രങ്ങളിൽ ഒരുക്കിയിരിക്കുന്നത്.

സ്കൂൾ തലങ്ങളിൽ വിവിധ പ്രോജക്ടുകൾ സ്വന്തമായി തന്നെ ഒരുക്കിയെടുക്കുവാനും ഭാവിയിൽ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി നേടുന്നതിനും വിവിധ സോഫ്റ്റ് വെയറുകളെ കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ്. ഇതിന് വിൻഡോസ് തലത്തിൽ പ്രവർത്തിക്കുന്ന എം എസ് ഓഫീസും ലിനക്സ് തലത്തിൽ പ്രവർത്തിക്കുന്ന ഓപ്പൺ ഓഫീസും സഹായകരമാകും. ഫാഷൻ ടെക്നോളജി രംഗത്ത് ശോഭിക്കുവാനായി ഡിസൈനിങ് അടിസ്ഥാനമാക്കി ഡി.ടി.പി കോഴ്സും അക്കൗണ്ടിംങ് മേഖലയെ അനായാസം കൈകാര്യം ചെയ്യുവാനായി ടാലിയിൽ 3 മാസം മുതൽ 6 മാസം വരെ ദൈർഖ്യമുള്ള കോഴ്സുകളും നടത്തുന്നു.

വരും നാളുകൾ നിർമ്മിത ബുദ്ധിയുടേതാണ്. ഭാവിയിൽ ഏറെ തൊഴിലവസരങ്ങൾക്ക് വഴിയൊരുക്കുന്ന മേഖലയാണ് എ.ഐ എന്ന ചുരുക്ക പേരിൽ അറിയപ്പെടുന്ന ആർട്ടിഫിഷ്യൽ ഇൻറലിജെൻസ്. അതിലേക്കാവശ്യമായ പൈത്തൺ പോലുള്ള വിവിധ കംപ്യൂട്ടർ ഭാഷകൾ പഠിക്കുവാനായും അതിലൂടെ നിർമ്മിക്കാവുന്ന കംപ്യൂട്ടർ ഗെയ്മുകളുൾപ്പടെയുള്ള അപ്ലിക്കേഷൻസും ഇന്ന് എൽ.ബി.എസ്സിൽ പഠിക്കുവാൻ സൌകര്യമുണ്ട്. വിവരസാങ്കേതിക വിദ്യയുടെ നെടുംതൂണായി നിലകൊള്ളുന്ന വെബ് പേജുകൾ നിർമ്മിക്കുവാനായി വെബ് ടെക്നോളജി കോഴ്സുകളും ഈ വേനലവധിക്കാലത്ത് എൽബി.എസ്സിൽ ഒരുക്കിയിട്ടുണ്ട്.

സെൻററിൻറെ ആദ്യ കാലങ്ങൾ മുതൽ തന്നെ പ്രചാരമുള്ളതും പി.എസ് സി പോലുള്ള സ്ഥാപനങ്ങൾ അംഗീകരിച്ചിരിക്കുന്നതുമായ കോഴ്സുകളും നടത്തിവരുന്നു. കൂടാതെ ഒരു വർഷം കാലാവധിയുള്ള പി.ജി.ഡി.സി.എ, ഡി.സി.എ, ആറു മാസം കാലാവധിയുള്ള ഡി.സി.എ(എസ്), 3 മാസം ദൈർഖ്യമുള്ള വിവിധ ഹ്രസ്വകാല കോഴ്സുകളും

എൽ.ബി.എസിൽ നിന്നും പഠിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും എൽ.ബി.എസ്സിൻറെ ഔദ്യോഗിക വെബ്സൈറ്റിലെ https://lbscentre.kerala.gov.in/services/courses എന്ന ലിങ്ക് സന്ദർശിക്കാവുന്നതാണ്.

ഫോൺ നമ്പറുകൾ

തിരുവനന്തപുരം : 0471 2324396 കളമശ്ശേരി : 0484 – 2541520 തൃശ്ശൂർ : 0487 – 2250657 കോഴിക്കോട് : 0495 – 2720250 കണ്ണൂർ : 0497- 2702812